19992
6/11/19

# കേരള സർക്കാർ

## സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – ആലപ്പുഴ ജില്ലയിൽ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വീടുകളുടെ പരിശോധനയ്ക്കായി കരാർ വ്യവസ്ഥയിൽ നിയമിച്ച എഞ്ചിനീയർമാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ 1500/- രൂപാ നിരക്കിൽ ശമ്പളം നൽകുന്നതിന് 24,27,000/- (ഇരുപത്തിനാല്ല ലക്ഷത്തി ഇരുപത്തേഴായിരം രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ. (സാധാ) നം. **2969/2019/റവ.** തിരുവനന്തപുരം, തീയതി, 24.10.2019.

==========================================

പരാമർശം:- 1. സ.ഉ. (സാധാ) നം. 551/2019/റവ., തീയതി, 16.02.2019.
2. 04.09.2019-ലെ ആലപ്പുഴ ജില്ലാ കളക്ടറുടെ DCALP/3807/2019/N1 നമ്പർ കത്ത്.

## ഉത്തരവ്

2018 പ്രളയത്തിൽ വീടുകൾക്ക് നാശനഷ്ടമുണ്ടായതിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള പെൻഡിംഗ് അപ്പീലുകൾ തീർപ്പാക്കുന്നതിന് കരാർ വ്യവസ്ഥയിൽ നിയോഗിക്കുന്ന എഞ്ചിനീയർമാർക്ക് ദിവസവേതനാടിസ്ഥാനത്തിൽ (Rs. 1500/- per day) പരമാവധി ഒരു മാസത്തേക്ക് ശമ്പളം നൽകുന്നതിനുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായി.

2. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വീടുകളുടെ പരിശോധനയ്ക്കായി കരാർ വ്യവസ്ഥയിൽ നിയോഗിച്ച 151 എഞ്ചിനീയർമാർക്ക് ദിവസം ഒന്നിന് 1,500/- രൂപ ക്രമത്തിൽ 1654 ദിവസം ജോലി ചെയ്തതിനുള്ള 24,81,000/- (ഇരുപത്തിനാല്ല ലക്ഷത്തി എൺപത്തിയൊന്നായിരം രൂപ മാത്രം) രൂപ അനുവദിക്കണമെന്ന് ആലപ്പുഴ ജില്ലാകളക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരം ആലപ്പുഴ ജില്ലാകളക്ടർ നൽകിയ ലിസ്റ്റിലെ ദീപ.എസ്.കുമാർ (ക്രമ നമ്പർ.150), നേതാജി (ക്രമ നമ്പർ 151) എന്നിവർക്ക് 30 ദിവസത്തിൽ കൂടുതൽ വരുന്നതിനാൽ മുപ്പതുദിവസമായി പരിമിതപ്പെടുത്തി, ആലപ്പുഴ ജില്ലയിൽ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച് വീടുകളുടെ പരിശോധനയ്ക്കായി നിയോഗിച്ച 151 എഞ്ചിനീയർമാർക്ക് ആകെ 1618 ദിവസത്തേക്ക്1,500/- രൂപ നിരക്കിൽ 24,27,000/- (ഇരുപത്തിനാല്ല ലക്ഷത്തി ഇരുപത്തേഴായിരം രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

...2/-

4. വിതരണത്തിനാവശ്യമായ തുകയായ 24,27,000/- (ഇരുപത്തിനാലു ലക്ഷത്തി ഇരുപത്തേഴായിരം രൂപ മാത്രം) രൂപ *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ. ടി.കെ.,
ജോയിന്റ് സെക്രട്ടറി.

ജില്ലാ കളക്ടർ, ആലപ്പുഴ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol.K.N

സെക്ഷൻ ഓഫീസർ.